# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 332** **14.07.2015-ൽ മറുപടിയ്ക്ക്**

**മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ്**

**ചോദ്യം** **ഉത്തരം**

ശ്രീ. പി.ടി.എ. റഹീം
ശ്രീ. എം.എ. ബേബി
ശ്രീ. സാജു പോൾ
ശ്രീമതി. കെ.കെ. ലതിക

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മുൻ ബജറ്റുകളിൽ ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ എത്രത്തോളം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്. ഭരണ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയിൽ പലതും പൂർത്തിയാക്കപ്പെടുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ് . ദീർഘകാല അടിസ്ഥാനത്തിൽ മാത്രമേ ചില പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. |

| | | |
|---|---|---|
| (ബി) | ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടില്ല. |
| (സി) | ബജറ്റിൽ ഏറ്റവും ജനോപകാരപ്രദമെന്ന് വിശേഷിപ്പിച്ച ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ജനോപകാരപ്രദമായ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ചില പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്. ഇവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് പൊതുവായ അവലോകനം നടത്താറുണ്ട്. |
| (ഡി) | ജനങ്ങളോടുള്ള പ്രതിബദ്ധതയെന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ചെറിയ ശതമാനം പോലും നടപ്പിലാക്കാതിരിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ? | പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലുമാണ്. |

Rejani

**അക്കൗണ്ട്സ് ഓഫീസർ**